# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **19-09-2025 - ൽ മറുപടിയ്ക്ക്**

## പൈതൃക ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന പ്രധാനപ്പെട്ട പൈതൃക ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി വിവിധ പൈതൃക പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>• ആലപ്പുഴ പൈതൃക പദ്ധതി<br>• മുസിരിസ് പൈതൃക പദ്ധതി<br>• തലശ്ശേരി പൈതൃക പദ്ധതി<br>• ട്രാവൻകൂർ പൈതൃക പദ്ധതി<br>• കോഴിക്കോട് പൈതൃക പദ്ധതി<br>പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (ബി) | 2009-ൽ ആരംഭിച്ചതു മുതൽ, മുസിരിസ് പൈതൃക ടൂറിസം പദ്ധതി കേരളത്തിലെ പുരാതന തുറമുഖമായ മുസിരിസിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും, പ്രദർശിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിപുലമായ സംരക്ഷണ, പുനരുദ്ധാരണ, ടൂറിസം വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പറവൂർ സിനഗോഗ്, കോട്ടപ്പുറം കോട്ട, പാലിയം കൊട്ടാരം തുടങ്ങിയ ചരിത്രപരമായി പ്രാധാന്യമുള്ള 30-ലധികം സ്മാരകങ്ങളുടെ പുനരുദ്ധാരണം; മ്യൂസിയങ്ങളുടെയും വ്യാഖ്യാന കേന്ദ്രങ്ങളുടെയും വികസനം; പൈതൃക സർക്യൂട്ട് ജെട്ടികൾ, കണക്റ്റിവിറ്റിക്കായി റോഡുകൾ, ബോട്ട് ജലപാതകൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ; പരിസ്ഥിതി സൗഹൃദ ടൂറിസം രീതികൾ പ്രോത്സാഹിപ്പിക്കൽ; |

പ്രാദേശിക പങ്കാളികളെ ഉൾപ്പെടുത്തുന്നതിനുള്ള കമ്മ്യൂണിറ്റി ഇടപെടൽ സംരംഭങ്ങൾ എന്നിവ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. മേഖലയിലെ സാംസ്കാരിക അവബോധവും സുസ്ഥിര ടൂറിസവും വർദ്ധിപ്പിക്കുന്നതിനായി പൈതൃക ബോട്ട് ടൂറുകളും വിദ്യാഭ്യാസ പരിപാടികളും പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരുകയാണ്.

മുസിരിസ് പൈതൃക പദ്ധതി അഞ്ച് ഘടകങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. ഓരോ ഘടകങ്ങളിലും പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്മാരകങ്ങളുടെ സംരക്ഷണവും പുനരുപയോഗവും എന്ന വിഭാഗത്തിലെ ആദ്യഘട്ടത്തിൽ ഏഴ് മ്യൂസിയങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. സ്മാരകങ്ങളുടെയും മറ്റു പൈതൃക പ്രദേശങ്ങളുടെയും സംരക്ഷണം എന്ന നിലക്ക് ഏകദേശം അമ്പതോളം കെട്ടിടങ്ങൾ ആണ് പുതിയ തലമുറക്കായി പദ്ധതി സംരക്ഷണ പുനരുധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുന്നത്. കനാൽ ഹൗസ്, പതിനെട്ടരയാളം കോവിലകം, ഐരാണിക്കുളം ശിവ ക്ഷേത്രം അടങ്ങുന്ന പതിനേഴോളം ആരാധനാലയങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടത്.

2. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന വിഭാഗത്തിൽ തദ്ദേശീയ സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങൾ മാത്രം കൂട്ടിച്ചേർക്കുക എന്നതായിരുന്നു പദ്ധതിയുടെ നയപരമായ തീരുമാനങ്ങളിലൊന്ന്. മുസിരിസ് പൈതൃക പ്രദേശങ്ങളിലെ റോഡുകൾ, പ്രധാന ശൗചാലയങ്ങൾ, ജലപാതകളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പതിനഞ്ചോളം ബോട്ട് ജെട്ടികൾ, എന്നിങ്ങനെ 60 ൽ പരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്.

3. ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ISHCK എന്ന സ്ഥാപനം പദ്ധതിയുമായി ബന്ധപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികളുമായി വിദ്യാഭ്യാസമേഖലകളിൽ സഹകരിച്ചു സംയുക്തമായി പ്രവർത്തനങ്ങൾ പദ്ധതി നടത്തിവരുന്നുണ്ട്. കൊല്ലത്തുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായും മഹാത്മാഗാന്ധി

യൂണിവേഴ്സിറ്റിയുമായും MOU ഒപ്പിടാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി, പുരാതന മുസിരിസ് തുറമുഖത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ സമ്പന്നത കണ്ടെത്തുന്നതിനായി കാര്യമായ പുരാവസ്തു ഉത്ഖനനവും പര്യവേക്ഷണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പുരാതന മുസിരിസിന്റെ സ്ഥലമാണെന്ന് വിശ്വസിക്കപ്പെടുന്ന പട്ടണത്ത് വലിയ തോതിലുള്ള ഖനനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ശാസ്ത്രീയ ഖനനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിന് കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെസിഎച്ച്ആർ), സംസ്ഥാന പുരാവസ്തു വകുപ്പ് പോലുള്ള സ്ഥാപനങ്ങളുമായി ഈ പദ്ധതി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു. ഒരു സമുദ്ര വ്യാപാര കേന്ദ്രമെന്ന നിലയിൽ ആഗോള മുസിരിസിന്റെ പ്രാധാന്യം സ്ഥാപിക്കുന്നതിൽ ഈ പുരാവസ്തു കണ്ടെത്തലുകൾ നിർണായകമാണ്, കൂടാതെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പൈതൃക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഓൺ-സൈറ്റ് മ്യൂസിയങ്ങളിലൂടെയും വ്യാഖ്യാന കേന്ദ്രങ്ങളിലൂടെയും സംരക്ഷിക്കപ്പെടുകയും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. 2018ൽ ആരംഭിച്ച ആലപ്പുഴ പൈതൃക പദ്ധതിയിൽ പഴയ ആലപ്പുഴയിലെ വാണിജ്യ കനാലിനോടും വട കനാലിനോടും ചേർന്നുള്ള വ്യാപാര കെട്ടിടങ്ങൾ, കയർ ഫാക്ടറികൾ, ആരാധനാലയങ്ങൾ, വസതികൾ എന്നിവ ഉൾപ്പെടുന്നു. നഗരത്തിലെ വാസ്തുവിദ്യ, ഭൂപ്രകൃതി, പൈതൃക പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണത്തിലൂടെയും, മെച്ച പ്പെടുത്തലിലൂടെയും ഈ പദ്ധതി ആലപ്പുഴയുടെ സ്പഷ്ടവും അദൃശ്യവുമായ പൈതൃകം സംരക്ഷിച്ച് നിലനിർത്തുകയാണ്. ഇതിൽ ആലപ്പുഴ കനാലിന്റെ സൗന്ദര്യവൽക്കരണം നടന്നു വരുന്നു. കൂടാതെ മുകളിൽ സൂചിപ്പിച്ച ഫാക്ടറികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കയർ ചരിത്ര മ്യൂസിയവും, കയർ ജീവചരിത്ര മ്യൂസിയവും സജ്ജമാക്കിവരുന്ന പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്നത്. ആലപ്പുഴ കടൽത്തീരത്തോടു അടുത്തുള്ള പോർട്ട് കെട്ടിടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോർട്ട് മ്യൂസിയം ആക്കി മാറ്റുവാനുള്ള ആദ്യപടികൾ നടത്തിവരുന്നു. ആലപ്പുഴ ബീച്ചിൽ ഇന്ത്യൻ നേവിയുടെ യുദ്ധക്കപ്പൽ പ്രദർശനവസ്തുവാക്കി സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 6. പൊന്നാനി പൈതൃക പദ്ധതി: ഈ പ്രദേശത്തെ പഠനവിധേയമാക്കിക്കൊണ്ടും പൈതൃക അവശേഷിപ്പുകളെ യാഥാവിധി സംരക്ഷിച്ചുകൊണ്ടും കേരള ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പൊന്നാനി താലൂക്കിലെ 11 സ്വയം ഭരണ പ്രദേശങ്ങളിൽ (People Participation for Participatory Planning and Empowerment through Responsible Tourism) എന്ന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷൻ ആക്കി മാറ്റുവാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഏറ്റവും അഭിമാനകരമായ മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ പൊന്നാനി പദ്ധതി പ്രദേശവും ഉൾപ്പെടുത്തി മിസ്രി പള്ളിയുടെ സംരക്ഷണ ജോലികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്.<br><br>7. മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിലുള്ള ഒരു പ്രധാന സംരംഭമാണ് "മുസിരിസിലെ 1000 അനുഭവങ്ങൾ". നൂറ്റാണ്ടുകളായി പരിണമിച്ചതും ഇന്നും നിലനിൽക്കുന്നതുമായ പാരമ്പര്യങ്ങൾ, ആചാരങ്ങൾ, കരകൗശല വസ്തുക്കൾ, പ്രകടന കലകൾ, വാമൊഴി ചരിത്രങ്ങൾ, പാചകരീതികൾ, സമൂഹ രീതികൾ - മുസിരിസ് മേഖലയിലെ അദൃശ്യസാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലുമാണ് പദ്ധതി ഇതിലൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. |
| (സി) | ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശം നൽകാമോ; | (സി) | ആലപ്പുഴ ജില്ലയിൽ പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി, 200 വർഷത്തിലേറെ പഴക്കമുള്ള സൗക്കാർ മസ്ജിദ് , മക്കാം മസ്ജിദ് എന്നിവ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും , വിദ്യാഭ്യാസ മേഖലയിൽ ചരിത്ര പാരമ്പര്യമുള്ള ലിയോ തേർട്ടീന്ത് സ്കൂൾ 2 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുമുണ്ട്. |
| (ഡി) | സ്പൈസസ് റൂട്ട് പദ്ധതിയുടെ ലക്ഷ്യവും നിലവിലെ പുരോഗതിയും വിശദമാക്കാമോ; | (ഡി) | 1. മുസിരിസ് പൈതൃക പദ്ധതി നിലവിലെ പ്രവർത്തനാതിർത്തികൾ തെക്ക് എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ നിന്നും കൊല്ലം വരെയും വടക്ക് തൃശ്ശൂർ ജില്ലയിലെ മതിലകത്ത് നിന്ന് ബേപ്പൂർ വരെയും വിപുലീകരിച്ചാണ് സ്പൈസ് റൂട്ട് പൈതൃക പദ്ധതി എന്ന പേരിൽ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്. നിലവിലെ മുസിരിസ് പൈതൃക പദ്ധതി പ്രദേശം "ലിവിങ് മ്യൂസിയം" ആഗോളതലത്തിൽ എന്ന ആശയത്തിൽ |

അധിഷ്ഠിതമായി ശ്രദ്ധ ആകർഷിച്ചുവരികയാണ്. സമാനമായ രീതിയിൽ കേരളത്തിന്റെ തീരദേശ പൈതൃകം വിവിധ തുറമുഖങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്ര വികസനം സ്പൈസ് റൂട്ട് പൈതൃക പദ്ധതിയിലൂടെ സാധ്യമാണ്. ഇതിലൂടെ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ആരംഭിക്കുന്നതിനും അതുവഴി വിവിധ നിക്ഷേപങ്ങൾക്ക് അവിടെ തുടക്കം കുറിക്കുന്നതിനും സ്പൈസ് റൂട്ട് പദ്ധതിയിലൂടെ സാധിക്കും.

2. സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട്സ് കേരളത്തിനകത്തും പുറത്തും ഉള്ള വിവിധ യൂണിവേഴ്സിറ്റികളുമായി MOU ഒപ്പുവയ്ക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി MOU ഒപ്പു വച്ചു കഴിഞ്ഞിട്ടുള്ളതുമാണ്. എംജി യൂണിവേഴ്സിറ്റിയുമായി MOU ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ മുസിരിസ് സ്വീകരിച്ചു വരുന്നു.

3. കൊല്ലം മുതൽ ബേപ്പൂർ വരെയാണ് സ്പൈസ് റൂട്ടിന്റെ ഭാഗമാക്കിയിട്ടുള്ളത്. ഈ പ്രദേശങ്ങളുടെ പൈതൃക ടൂറിസം സാധ്യതകൾ മനസ്സിലാക്കുന്നതിന് വേണ്ടി ഒരു സർക്യൂട്ട് മാപ്പ് തയ്യാറാക്കുവാൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KTIL) നെ ചുമതലപ്പെടുത്തി. അതിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

4. സ്പൈസ് റൂട്ടുമായി ബന്ധപ്പെട്ട് കോഴിക്കോട് തീരുമാനിച്ചിരിക്കുന്ന ഫുഡ് മ്യൂസിയവുമായി ബന്ധപ്പെട്ട DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. സ്പൈസ് റൂട്ട് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഗവേഷണ സാദ്ധ്യതകൾ കണക്കിലെടുത്ത് മുസിരിസ് പ്രോജക്ട് ലിമിറ്റഡിനെ എംജി യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്റർ ആക്കി മാറ്റുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടത്തി വരുകയാണ്. അന്താരാഷ്ട്ര തലത്തിലുള്ള എഡ്യുക്കേഷൻ ടൂറിസം മേഖലയുടെ സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് പ്രസ്തുത സർവകലാശാലയുമായി സഹകരിച്ച് വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ കൂടി നടത്തി വരികയാണ്.

| | | | |
|---|---|---|---|
| (ഇ) | പാലക്കാട് ജില്ലയിൽ ആവിഷ്കരിച്ച പൈതൃക-സാംസ്കാരിക വിനോദസഞ്ചാര പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഇ) | ഈ സർക്കാർ പ്രഖ്യാപിച്ച ലിറ്ററി ടൂറിസം സർക്യൂട്ടിൽ പാലക്കാട് ജില്ലയിലെ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ